മലങ്കര നസ്രാണി

തോട്ടയ്ക്കാട് മാർ അപ്രേം പെരുന്നാൾ സപ്ലിമെന്റ് 2020 ഫെബ്രുവരി 29 പേജ് 4

മാർ അപ്രേം പള്ളി, പരിയാരം, തോട്ടയ്ക്കാട്

പുണ്യവാന്റെ മദ്ധ്യസ്ഥതയും കാവലും അനുഭവഭേദ്യമാവുന്ന പുണ്യസ്ഥലം

മാർ അപ്രേം അവാർഡ് പീറ്റർ ചേരാനല്ലൂരിന്

തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളിയുടെ (കോട്ടയം ഭദ്രാസനം) ഈ വർഷത്തെ മാർ അപ്രേം അവാർഡ് പ്രശസ്ത സംഗീത രചയിതാവും സംഗീത സംവിധായകനുമായ പീറ്റർ ചേരാനല്ലൂരിന് നൽകും. ഫെബ്രുവരി 28-നു വൈകുന്നേരം 7 മണിക്ക് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യാക്കോബ് മാർ ഐറേനിയോസിന്റെ അധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ വെച്ചു അവാർഡ് നൽകി ആദരിക്കും.

മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും ഇടവകാംഗമായ കർണാടകയിലെ പ്രമുഖ സാമൂഹ്യ പ്രവർത്തകൻ ഫാ. ജിനേഷ് വർക്കിക്കും (ദയാ ഭവൻ, ബാംഗ്ലൂർ) ഇടവകയുടെ ആദരവ് സമർപ്പിക്കും.

തുടർന്ന് പീറ്റർ ചേരാനല്ലൂരും ഫാ. ജിബി കെ. പോളും കുമാരി ശ്രേയ അന്ന ജോസഫും അവതരിപ്പിക്കുന്ന ക്രിസ്തീയഗാന സന്ധ്യ.

2500-ഓളം ക്രിസ്തീയ ഭക്തിഗാനങ്ങൾക്കു ഈണമിട്ട പ്രശസ്ത ക്രിസ്തീയ സംഗീത സംവിധായകനാണു പീറ്റർ ചേരാനല്ലൂർ. അനുഭവങ്ങളും സാക്ഷ്യങ്ങളും, ആത്മീയ ഗാനാലാപങ്ങളും കൊണ്ട് അതിസമ്പന്നമായ ഒരു സന്ധ്യ ആയിരിക്കും ഫെബ്രുവരി 29-ലേതെന്ന് പള്ളി ഭാരവാഹികൾ അറിയിച്ചു.

ഫെബ്രുവരി 24 തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും പള്ളിയിൽ സന്ധ്യാ നമസ്കാരവും മാർ അപ്രേമിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും ഉണ്ടാകും. 28, 29 തീയതികളിൽ ആണ് പ്രധാന പെരുന്നാൾ.

ഭൂലോക മല്പാനായ അപ്രേം പിതാവിന്റെ മദ്ധ്യസ്ഥതയിൽ ആദ്യാക്ഷരം കുറിക്കുന്ന കുരുന്ന്. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ഒരു കുഞ്ഞിനെ അക്ഷരലോകത്തിലേയ്ക്ക് പ്രവേശിപ്പിക്കുന്നു (2014).

തോട്ടയ്ക്കാട് മാർ അപ്രേം പെരുന്നാൾ കൊടിയേറ്റ് ഫാ. ഡോ. ജോൺസ് ഏബ്രഹാം വാക്കച്ചേരിൽ നിർവഹിക്കുന്നു.

പീറ്റർ ചേരാനല്ലൂരും ഫാ. ജിബി കെ. പോളും കുമാരി ശ്രേയ അന്ന ജോസഫും അവതരിപ്പിക്കുന്ന ക്രിസ്തീയ ഗാനസന്ധ്യ. ഫെബ്രുവരി 28-ന് 8 മണിക്ക്

ഭൂലോക മല്പാനായ മാർ അപ്രേം

ഫാ. ഫ്രാൻസിസ് ആചാര്യ

മാർ അപ്രേം ക്രിസ്തീയ മാതാപിതാക്കളുടെ പുത്രനായി ജനിച്ചുവെന്ന് അദ്ദേഹത്തിൻെറതന്നെ രചനകളിൽ കാണാം. 306-നോട് അടുത്തായിരിക്കണം ജനനം. പഴയ മെസപ്പൊട്ടേമിയയിലെ നിസിബിസിലാണ് അദ്ദേഹം വസിച്ചിരുന്നത്. പേർഷ്യയുടെയും റോമിൻെറയും അതിർത്തിയിലായിരുന്നു ഈ പട്ടണം.

മാമോദീസാ സ്വീകരിച്ചശേഷം യുവാവായ അപ്രേം സർവാത്മനാ യേശുവിൻെറ ശിഷ്യത്വത്തിനു സ്വയം സമർപ്പിച്ചു, സന്യാസജീവിതം അംഗീകരിച്ചു. അദ്ദേഹം ഒരിക്കൽ എഴുതി: "ബാല്യത്തിൽ ക്രിസ്തീയജീവിതത്തെപ്പറ്റി എനിക്കു കാര്യമായ പരിജ്ഞാനം ഇല്ലായിരുന്നു. എന്നാൽ എനിക്ക് വിവരമുണ്ടായകാലം തുടങ്ങി ഞാൻ, വളഞ്ഞ, കുടിലമായ വഴികളെ പാടേ വർജിച്ചു. എന്നെ ഇടതുമാർഗത്തിലേക്കു നയിച്ചേക്കാവുന്ന പരിതഃസ്ഥിതിയെ പൂർണമായും തള്ളി."

യുവാവായ അപ്രേം നിസിബിസിനു സമീപമുള്ള മലകളിലെ ആദ്യകാല സന്യാസികളിൽ ഒരാളായ യാക്കോബിൻെറ സ്വാധീനത്തിൽ വന്നു (യാക്കോബ് പില്ക്കാലത്തു നഗരത്തിലെ ബിഷപ്പായി തീർന്നു). നിസിബിസിലെ സഭയ്ക്കു ജന്മം നല്കിയ വ്യക്തിയായി അപ്രേം പില്ക്കാലത്ത് യാക്കോബിനെ ശ്ലാഘിക്കുന്നുണ്ട്. യാക്കോബ് അവിടത്തെ ആദ്യത്തെ ബിഷപ്പായിരുന്നുവെന്നാണതിൻെറ അർഥം. അപ്രേം അവിടെ തുടർച്ചയായി തപസ്നികളായ മൂന്ന് ബിഷപ്പുമാരുടെ കീഴിൽ മതതത്ത്വപ്രബോധകനായി വർത്തിച്ചു. ഡീക്കൻ ആവുകയും ചെയ്തു. ഇക്കാര്യം സഭ ഒരു പ്രാർഥനയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു

"അദ്ഭുതത്തോടും സ്നേഹത്തോടുംകൂടിയാണ് ഞങ്ങൾ അങ്ങയുടെ മഹത്ജീവിതത്തെ അനുസ്മരിക്കുന്നത്. സന്യാസിത്വത്തിൻെറ പരിപൂർണതയിലേക്കുള്ള അവിടുത്തെ സുസ്ഥിരവും അനുസ്യൂതവുമായ പ്രയാണം വിസ്മയനീയമാണ്. പ്രശസ്തരായ മൂന്നു പിതാക്കന്മാരുടെ കീഴിൽ അവിടുന്നു സേവനമനുഷ്ഠിച്ചു. യാക്കോബിന്റെ സൂക്ഷ്മമായ കർക്കശത്വം യുവത്വത്തിൽ അങ്ങേക്കു തുണയായി. ബാവയുടെ അചഞ്ചലത്വവും ദൃഢതയും പക്വപ്രായത്തിൽ അങ്ങേക്കു സഹായകമായി. വലഗേഷിൻെറ സൗമ്യത അങ്ങയുടെ പില്ക്കാല ജീവിതത്തെ ദീപ്തമാക്കുകയും ചെയ്തു."

മെസപ്പൊട്ടേമിയയിലെ സന്യാസജീവിതത്തിന്റെ ആദ്യ ഘട്ടമായിരുന്നു അത്. സിറിയയുടെ തനതു സന്യാസ പാരമ്പര്യത്തിൻെറ ഭാഗമാണ് അദ്ദേഹം. 'ഇഹിദായ'ക്കാരുടെ ജീവിതമായി ഇത് അറിയപ്പെട്ടിരുന്നു. സന്യാസജീവിതത്തിന് അക്കാലത്തു പരമ പ്രാധാന്യം നല്കപ്പെട്ടു. ഒരിടത്ത് അപ്രേം എഴുതുന്നുണ്ട്: "ഒരാൾ തനിച്ചിരിക്കുന്നിടത്ത് ഞാനും ഉണ്ടായിരിക്കും." മാർ അപ്രേം വിശദീകരിക്കുന്നു: "ഏകാന്തതയിൽ നിന്ന് മനസ്സുമടുപ്പും വിഷണ്ണതയും പൂർണമായും നിർമാർജനം ചെയ്യുന്നതിനായി ക്രിസ്തു പറഞ്ഞതാണിത്. കാരണം, ക്രിസ്തുവാണു നമ്മുടെ ആനന്ദം. അവൻ നമ്മോടൊന്നിച്ചുണ്ട്."

മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു: "പ്രാർഥിക്കുന്ന തപസ്വി എത്രമാത്രം ഏകാന്തനാണെന്നു തോന്നിയാലും അദ്ദേഹം തനിച്ചല്ല. ആ പ്രാർഥന സ്വർഗീയമായ ഒരു ആരാധനാനുഷ്ഠാനമാണ്. അത് സഭയുടെ ഒരു ആഘോഷംതന്നെ. അത് ലോകത്തിൻെറ ഹൃദയത്തെ തുളച്ചു കടക്കുന്നു; സമസ്ത സൃഷ്ടിയെയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു."

ഏകാന്തജീവിതത്തെ പ്രകീർത്തിക്കുന്നുണ്ടെങ്കിലും ഇടയശുശ്രൂഷയെ അദ്ദേഹം നിരാകരിക്കുന്നില്ല. സിറിയയിലെ സന്യാസിമാർ ഈജിപ്തിലെ സന്യാസിമാരിൽ നിന്നു വ്യത്യസ്തമായി പെരുമാറി. ആരംഭകാലം മുതൽ തന്നെ സിറിയൻ തപസ്വിമാർ സഭയുടെയും സഭാജീവിതത്തിൻെറയും അവിഭാജ്യ ഭാഗമായിരുന്നു. സാധാരണ വിശ്വാസികൾ സന്യാസിമാരെ തേടിപ്പോയിരുന്നു. പട്ടണങ്ങൾ വിട്ട് അവർ പർവതങ്ങളിലെ സന്യാസാശ്രമങ്ങൾ സന്ദർശിച്ചു. ആധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളിൽ അവർ സന്യാസിമാരിൽനിന്നു ദൈവാനുഗ്രഹം തേടി: ഇങ്ങനെയുള്ള സന്ദർശനങ്ങൾ വർധിച്ചതോടെ സന്യാസിമാരുടെ പ്രാർഥനാ ജീവിതത്തെ അതു ബാധിക്കുമെന്നായി. അക്കാരണത്താലാണു ചില തപസ്വിമാർ തൂണുകളുടെ മുകളിൽ താമസം തുടങ്ങിയത്. പക്ഷേ, സന്ദർശകരെയോ അവരുടെ അഭ്യർഥനകളെയോ നിരാകരിച്ചിരുന്നില്ല.

തപസ്വിമാർ തങ്ങളുടെ താവളം വിട്ട് കുറേക്കാലത്തേക്കോ ദീർഘകാലത്തൊക്കോ സുവിശേഷ പ്രവർത്തനയാത്രകൾ നടത്തുന്നതായി കാണാം. ഈ തപസ്വിമാരിൽ നിന്നു ബിഷപ്പുമാരെ തെരഞ്ഞെടുത്തു പോന്നു. പില്ക്കാലത്ത് ഇതൊരു നിയമമായിത്തീർന്നു. അന്ത്യോക്യൻ പാരമ്പര്യത്തിൽ ഇന്നും ബിഷപ്പായി തെരഞ്ഞെടുക്കപ്പെടുന്നവർ ആദ്യമേ സന്യാസിത്വപട്ടം കൊട സ്വീകരിക്കുന്നുണ്ട്. ബിഷപ്പായി വാഴിക്കപ്പെടുന്നതിനു മുമ്പ് അവർ കുറേക്കാലം സന്യാസജീവിതം സ്വീകരിച്ചിരിക്കണമെന്നാണു ചട്ടം. അങ്ങനെ അവർ സന്യാസിത്വ സംബന്ധമായ വ്യക്തിപ്രഭാവം സ്വീകരിക്കുന്നു. ഇടയശുശ്രൂഷയോടു കൂടി സന്യാസിത്വ സഹജമായ ജീവിതശൈലി കൂടി അവർ അംഗീകരിക്കുന്നു. രണ്ടും സമഞ്ജസമായി സമരസപ്പെടുത്തിക്കൊണ്ടുപോകാനായിരിക്കും അവരുടെ ഉദ്യമം.

ഇടയശുശ്രൂഷയിലും സജീവമായി പങ്കെടുത്തിരുന്ന മാർ അപ്രേമിനെ നാഗരിക സന്യാസസിത്വത്തിൻെറ പ്രതിനിധിയായി പരിഗണിക്കാറുണ്ട്. അതൊക്കെയാണെങ്കിലും, അദ്ദേഹത്തിൻെറ ലേഖനങ്ങളും ഇതര രചനകളും സന്യാസിത്വമൂല്യങ്ങളിൽ മുങ്ങിക്കുളിച്ചവയാണ്. പില്ക്കാല സന്യാസിത്വ ചര്യയിലും അവ തുടർന്ന് ഗാഢമായ സ്വാധീനം ചെലുത്തി. തപസ്വിമാർക്കിടയിലെ രാജകുമാരനായി മാർ അപ്രേമിനെ സ്തുതിക്കുന്നതു വെറുതെയല്ല.

പേർഷ്യൻ രാജാവായ ഷാപ്പൂർ ദ്വിതീയൻ 363-ൽ നിസിബിസ് നഗരം കീഴടക്കിയപ്പോൾ അവിടെയുള്ള ക്രിസ്തീയസമൂഹം മെസപ്പൊട്ടേമിയയിലെ മുഖ്യ ക്രിസ്തീയനഗരമായ എഡേസയിൽ അഭയം തേടി. ജീവിതത്തിൻെറ അവസാനത്തെ പത്തു വർഷക്കാലം അവിടെയാണ് മാർ അപ്രേം സഭാസേവനം നിർവഹിച്ചത്. ആ കാലഘട്ടത്തിൻെറ അന്ത്യഭാഗത്ത് നഗരത്തിൽ പകർച്ചവ്യാധിയും പട്ടിണിയും രൂക്ഷമായി. പട്ടണത്തിലെ വ്യാപാരികളുടെയും മറ്റും അഴിമതി പ്രശ്നത്തെ വഷളാക്കി. വിശുദ്ധൻെറ മരണം കഴിഞ്ഞു 40 സംവത്സരത്തിനുശേഷം രചിക്കപ്പെട്ട ഹിസ്റ്റോറിയാ ലൗസിയാക്ക (Historia Lausiaca) എന്ന ഗ്രന്ഥത്തിൽ ഈ സംഭവം ആഖ്യാനം ചെയ്യുന്നുണ്ട്. മാർ അപ്രേം സന്യാസിയായ ഇടയൻ ആയിരുന്നു എന്ന ചിത്രത്തിന് ഈ സംഭവം കൂടുതൽ മിഴിവു നല്കുന്നു. ജനങ്ങൾ രോഗങ്ങൾക്കും പട്ടിണിക്കും വിധേയരായി കഷ്ടപ്പെടുന്ന സമയത്ത് ഏകാന്തവിസ്രംശമത്തിൽനിന്നു വെളിയിൽ വന്ന് ദുരിതാശ്വാസ നടപടികൾക്കു നേതൃത്വം നല്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. മാർ അപ്രേം യോഗ്യവും സമർഥവുമായ രീതിയിൽ ദുരിതാശ്വാസ യന്ത്രങ്ങൾ സംഘടിപ്പിച്ചു. ഇത് ആ സിദ്ധൻെറ ഏറ്റവും ഒടുവിലത്തെ ഇടയശുശ്രൂഷയായിരുന്നു. രോഗികളെ ശുശ്രൂഷിക്കുന്നതിനിടയിൽ രോഗിയായിത്തീർന്നതിനാലാവണം അദ്ദേഹം രോഗപീഡിതനാവുകയും ഏറെ താമസിയാതെ മരിക്കുകയും ചെയ്തത്. ❑

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

മാലത്ത് ഫാമിലി
ബിജു പുളിമൂട്ടിൽ
കുട്ടിയച്ചൻ ചാലിപറമ്പ്
കൊച്ചുമോൻ നെടുന്തറ
കുര്യൻ മാലത്ത്
റെജി മുണ്ടാക്കൽ

മാർ അപ്രേം: തോട്ടയ്ക്കാടിനു ദൈവം നൽകിയ മധ്യസ്ഥൻ

കുരുവിള സി. ജെ. ചക്കംചിറ (പബ്ലിസിറ്റി കൺവീനർ)

മാർ അപ്രേം ഗുഹയ്ക്കുള്ളിൽ പ്രാർത്ഥനയിലും ധ്യാനത്തിലും എഴുത്തിലും മുഴുകി കഴിയുന്നു. എങ്കിലും അദ്ദേഹത്തിന്റെ ഖ്യാതി എല്ലായിടത്തും പരന്ന് കഴിഞ്ഞിരുന്നു. ആശ്രമവാസികൾ അപ്രേമിനെ ഗുഹയ്ക്കുള്ളിൽ ചെന്നു കാണുവാൻ ശ്രമിച്ചെങ്കിലും മറ്റുള്ളവരിൽ നിന്നകന്നിരിക്കാൻ ആണ് അദ്ദേഹം ശ്രമിച്ചത്. താഴ്‌വാരത്തിൽ തന്റെ ഒളിവിടത്തിൽ ഒരു ദൂതൻ അപ്രേമിന് പ്രത്യക്ഷനായി "അപ്രേമേ നീ എവിടേയ്ക്കാണ് ഓടുന്നത്" എന്ന് ചോദിച്ചു. അതിന് അപ്രേം "ഞാൻ ഈ ലോകത്തിലെ ബഹളത്തിൽ നിന്ന് മാറി ഏകാന്തതയിൽ വസിക്കുവാൻ ആഗ്രഹിക്കുന്നു" എന്ന് മറുപടി പറഞ്ഞു. ദൂതൻ പറഞ്ഞു, "നുകം ഇഷ്ടപ്പെടാത്ത കാളക്കുട്ടിയെപ്പോലെ അപ്രേം എന്നിൽ നിന്ന് ഓടിപ്പോകുന്നു എന്നു നിന്നെക്കുറിച്ചു പറയാതിരിക്കുവാൻ സൂക്ഷിച്ചുകൊൾക." അപ്രേം സങ്കടത്തോടെ പറഞ്ഞു, "ഞാൻ ശക്തിഹീനനും അയോഗ്യനുമാണല്ലോ." "വിളക്കു കൊളുത്തി പറയിൻകീഴിലല്ല. എല്ലാവർക്കും പ്രകാശം കിട്ടുമാറ് തണ്ടിന്മേൽ അത്രെ വയ്ക്കുക" എന്ന് ദൂതൻ പറഞ്ഞ് അപ്രത്യക്ഷനായി.

ആരാലും അറിയപ്പെടരുതെന്ന് ആഗ്രഹിച്ച ആ പരിശുദ്ധൻ എ.ഡി. 373-ൽ മരണം പ്രാപിച്ചു. അദ്ദേഹം മരിച്ച് 1490 വർഷങ്ങൾ കഴിഞ്ഞ് മാലാഖയുടെ പ്രവചനം ഭാരതത്തിൽ തോട്ടയ്ക്കാട് എന്ന ഗ്രാമത്തിൽ സഫലമായി. പക്ഷേ ആദ്യ നൂറ്റാണ്ടുകൾ മുതൽ തന്നെ അദ്ദേഹം എഴുതിയിട്ടുള്ള പ്രാർത്ഥനകളും ഗാനങ്ങളും പ്രചാരത്തിലായി.

തോട്ടയ്ക്കാട് നിവാസികളായ മലങ്കര നസ്രാണികൾ പള്ളി സ്ഥാപിക്കുവാൻ തുടങ്ങിയപ്പോൾ ആരുടെ നാമത്തിൽ പള്ളി സ്ഥാപിക്കണം എന്ന കാര്യത്തിൽ ചെറിയ തർക്കം ഉണ്ടായി. വി. മാതാവിന്റെയും വി. ഗീവർഗീസ് സഹദായുടെയുമൊക്കെ പേരുകൾ വന്നെങ്കിലും പള്ളി സ്ഥാപിക്കുവാൻ വന്ന യൂയാക്കിം മാർ കൂറിലോസ് ആർക്കും പരിചിതമല്ലാതിരുന്ന മാർ അപ്രേം എന്ന പരിശുദ്ധന്റെ നാമം നിർദ്ദേശിച്ചു.

അഞ്ച് പരിശുദ്ധന്മാരുടെ പേരുകൾ 3 പ്രാവശ്യം കുറിയിട്ടപ്പോഴും 3 പ്രാവശ്യവും മാർ അപ്രേം എന്ന പേരു മാത്രം കിട്ടുകയും പള്ളിക്ക് അത്ഭുതകരമായി മാർ അപ്രേം എന്ന പേരു ഇടുകയും ചെയ്തു. അങ്ങനെ ദൈവം എല്ലാവർക്കും പ്രകാശം കിട്ടുമാറ് മാർ അപ്രേമിന്റെ നാമം നമ്മെ ഏൽപിച്ചിരിക്കുന്നു. കർത്താവ് ഏറെ സ്നേഹിക്കുന്ന മാർ അപ്രേമിന്റെ നാമം ഭാരതത്തിൽ സൂക്ഷിക്കുവാനും പ്രചരിപ്പിക്കുവാനും നമ്മെ ഏല്പിച്ച ദൗത്യം നമുക്ക് നിർവഹിക്കാം. ❑

തോട്ടയ്ക്കാട് മാർ അപ്രേം പെരുന്നാൾ പ്രദക്ഷിണം (ഫയൽ ചിത്രം).

തോട്ടയ്ക്കാട് അപ്രേം പെരുന്നാളിനോടനുബന്ധിച്ചു ദേശമൊക്കെയും പങ്കെടുക്കുന്ന പ്രശസ്തമായ വെച്ചൂട്ട് (ഫയൽ ചിത്രം).

അപ്രേം പള്ളിയിലെ നേർച്ചകൾ

1. കൊടി, മുത്തുക്കുട, കുരിശ്, നേർച്ച, അടിമ.
2. പള്ളിയകത്ത് വിളക്കിൽ 7 തിരിയിട്ട് എള്ളെണ്ണയിൽ തിരി തെളിയിക്കുക.
3. 13 നോമ്പ് എടുത്ത് കൽകുരിശിങ്കൽ 12 ദിവസവും മെഴുകുതിരി കത്തിക്കുകയും 13-ാമത്തെ ദിവസം ചുറ്റുവിളക്ക് കത്തിക്കുകയും ചെയ്യുക.

ദേവാലയത്തെപ്പറ്റി വിശദവിവരങ്ങൾക്കും പ്രാർത്ഥനാ സഹായങ്ങൾക്കും സന്ദർശിക്കുക

website: www.marapremchurch.com
E mail: marapremchurchtkd@gmail.com
Phone: 9747052616

സംഭാവനകൾ അക്കൗണ്ട് മുഖേന നൽകുന്നതിന്

Account No : 67091998219
Account Name: The Vicar and Trustee, Pariyaram, Mar Aprem Church
SBT Pariyaram, Kottayam.
IFSC Code: SBTR 0000510

പ്രശസ്തമായ തോട്ടയ്ക്കാട് അപ്രേം പെരുന്നാളിനോടനുബന്ധിച്ചു ദേശമൊക്കെയും പങ്കെടുക്കുന്ന വെച്ചൂട്ടിനുള്ള മാങ്ങ അരിയൽ (ഫയൽ ചിത്രം).

വി. മാർ അപ്രേം: നമ്മുടെ കാവൽപിതാവ്

ഫാ. പി. എം. പീലിപ്പോസ് പുത്തേട്ടുകടുപ്പിൽ

നവീനമായി സ്ഥാപിക്കപ്പെടുന്ന ഓരോ പള്ളിയും ഏതെങ്കിലും ഒരു പരിശുദ്ധന്റെ അല്ലെങ്കിൽ ശുദ്ധിമതിയുടെ നാമത്തിൽ സ്ഥാപിച്ച് ആ പരിശുദ്ധനെ തങ്ങളുടെ കാവൽപിതാവായി അംഗീകരിക്കുന്ന ഒരു പാരമ്പര്യമാണ് ലോകത്ത് എല്ലാ സഭകളിലും കണ്ടുവരുന്നത്. ഇവിടെയും പള്ളിക്ക് കല്ലിടീൽ നടത്തിയ സന്ദർഭത്തിൽ ആരുടെ വിശുദ്ധ നാമത്തിൽ പള്ളി സ്ഥാപിക്കണമെന്നു ആലോചിക്കുകയും പരിശുദ്ധനായ മാർ അപ്രേമിനെ നമ്മുടെ കാവൽപിതാവായി തെരഞ്ഞെടുക്കുകയുമാണ് ചെയ്തത്. വി. മാർ അപ്രേമിന്റെ നാമത്തിൽ പള്ളികളും സ്ഥാപനങ്ങളും ഈ നാട്ടിൽ വളരെ വിരളമാണെങ്കിലും ശീമരാജ്യത്ത് അദ്ദേഹത്തിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള നിരവധി പള്ളികളും മറ്റു സ്ഥാപനങ്ങളുമുണ്ട്. ഞങ്ങളുടെ ശീമയാത്രയിൽ ഞങ്ങൾക്കു സന്ദർശിക്കാൻ കഴിഞ്ഞ ആറു പള്ളികളിൽ മൂന്നും പരിശുദ്ധനായ മാർ അപ്രേമിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടവയാണെന്നു മനസ്സിലായപ്പോൾ ആ പരിശുദ്ധനെ എത്ര മഹാസിദ്ധനായിട്ടാണ് ആ നാട്ടുകാർ കരുതി ബഹുമാനിച്ചു വരുന്നതെന്നോർത്ത് ഞാൻ അത്ഭുതപ്പെടുകയുണ്ടായി.

(തോട്ടയ്ക്കാട് പള്ളി ചരിത്രത്തിൽ നിന്നും)

പ്രാർത്ഥനയാൽ സന്താന സൗഭാഗ്യം

അതിശ്രേഷ്ഠ മല്പാനും, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പിതാവും, കർത്താവിന്റെ ആത്മീയ തോട്ടമാകുന്ന സഭയെ ഗാനമധുരിമയായ ചാറൽമഴയാൽ നനച്ച പരിശുദ്ധനും ശ്രേഷ്ഠോപദേശത്താൽ ഭൂലോകത്തെ മുഴുവൻ പ്രകാശിപ്പിച്ച സത്യഗുരുവും, തന്റെ വിശുദ്ധ ജീവിതത്താൽ പരിശുദ്ധ ത്രിത്വത്തിനു പരിമളവാസനയായി തീർന്ന പുണ്യവാനും, ആത്മജ്ഞാനിയും, സുകൃതങ്ങളുടെ മാതൃകയുമായ മാർ അപ്രേം പിതാവിന്റെ മദ്ധ്യസ്ഥതയാൽ അനേകായിരങ്ങൾക്ക് അനുഗ്രഹങ്ങളെ പ്രാപിക്കുവാൻ സർവ്വശക്തന്റെ അളവറ്റ കരുണയാൽ സാധ്യമായിട്ടുണ്ട്.

ആത്മജ്ഞാനിയും സുകൃതങ്ങളുടെ മാതൃകയുമായ അപ്രേം പിതാവിന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹങ്ങളെ പ്രാപിക്കുവാൻ എനിക്കും കുടുംബത്തിനും സാധിച്ചു. അപ്രേം പിതാവിന്റെ നാമത്തിൽ സ്ഥാപിതമായ തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയുടെ കുരിശടിയിൽ എല്ലാ മാസത്തിലും ആദ്യത്തെ ശനിയാഴ്ച നടത്തിവരുന്ന മദ്ധ്യസ്ഥപ്രാർത്ഥനയാൽ സന്താനസൗഭാഗ്യം ലഭിക്കുവാനും അനുഗ്രഹകരമായ ജീവിതത്തിനും സർവ്വശക്തനായ തമ്പുരാൻ വഴിയൊരുക്കി.

ലിജി വറുഗീസ് മുല്ലശ്ശേരിൽ

അപ്രേം പിതാവിന്റെ പ്രാർത്ഥനയാൽ ദൈവം കുഞ്ഞിനെ നൽകി

എന്റെ പേര് ഷൈല. ഞങ്ങൾക്ക് ഒരു കുഞ്ഞ് ഉണ്ടായി കഴിഞ്ഞ് രണ്ടാമത് ഒരു കുഞ്ഞിന് വേണ്ടി ഞങ്ങൾ വളരെ അധികം പ്രാർത്ഥിച്ചു. 2013 ഡിസംബർ 28-ന് റാസയ്ക്ക് ഞാൻ ഒരു മുത്തുക്കുട നേർച്ചയായി വാങ്ങി തോട്ടയ്ക്കാട്ട് പള്ളിയിലെ റാസയിൽ ഞങ്ങളുടെ ആവശ്യം പറഞ്ഞ് കരഞ്ഞ് പ്രാർത്ഥിച്ചു. അടുത്ത പെരുന്നാൾ ആകുമ്പോൾ എനിക്ക് ഒരു കുഞ്ഞിനെ തരണമെന്ന് പ്രാർത്ഥിച്ചു. ആദ്യ കുഞ്ഞിനു ശേഷം പതിനാലര വർഷങ്ങൾ കഴിഞ്ഞ് 2015 ഡിസംബർ 12-ന് ആരോഗ്യമുള്ള ഒരു കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. ദൈവത്തിന് സ്തുതി. അപ്രേം പിതാവിന് നന്ദി.

അപ്രേം പിതാവിന്റെ അനുഗ്രഹത്താൽ കുഞ്ഞ് ഉണ്ടായി

കോട്ടക്കുഴിയിൽ ബാബുവിന്റെയും എൽസിയുടെയും മകളാണ് ഞാൻ. എന്റെ വിവാഹം കഴിഞ്ഞിട്ട് നാലു വർഷമായിട്ടും ഞങ്ങൾക്ക് കുഞ്ഞുണ്ടായില്ല. നമ്മുടെ പള്ളിയിൽ വന്നു പ്രാർത്ഥിച്ചു. നമ്മുടെ എല്ലാ ആവശ്യങ്ങളും പള്ളിയിലെത്തി സങ്കടത്തോടെ പ്രാർത്ഥിച്ചാൽ സാധിക്കും എന്ന് പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. ഞങ്ങളുടെ ഒരു കുഞ്ഞിനു വേണ്ടിയുള്ള പ്രാർത്ഥന അപ്രേം പിതാവ് സാധിച്ചു തന്നു. അപ്രേം പിതാവിന്റെ അനുഗ്രഹത്താൽ ഞങ്ങൾക്ക് ഒരു ആൺകുഞ്ഞ് ഉണ്ടായി. നന്ദിയോടെ പിതാവിന്റെ മുമ്പിൽ തല വണങ്ങുന്നു.

നീനുമോൾ ചാക്കോ, ചെല്ലാർകോവിൽ

മാർ അപ്രേമിന്റെ മദ്ധ്യസ്ഥതയാൽ അപകടത്തിൽ നിന്നും അത്ഭുതകരമായി രക്ഷപെട്ടു

എന്റെ മകൻ ഡാൻ തോമസ് 2016 ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച ഉച്ചസമയത്ത് അപ്രേം പള്ളിയുടെ മുമ്പിലെ അപകടകരമായ പള്ളിവളവിൽ സ്കൂട്ടറിൽ യാത്ര ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി. ബസിന്റെ മുൻഭാഗം തട്ടി സ്കൂട്ടർ തകർന്നുപോകുകയും വളരെ അത്ഭുതകരമായി അവൻ രക്ഷപ്പെടുകയും ചെയ്തു. അവന് യാതൊരു പരുക്കുമേൽക്കാതെ രക്ഷപെടുത്തിയത് പരിശുദ്ധ അപ്രേം പിതാവിന്റെ കരുതൽ ഒന്നു മാത്രമാണെന്ന് ഞങ്ങൾ പരിപൂർണ്ണമായി വിശ്വസിക്കുന്നു. പരിശുദ്ധനായ മാർ അപ്രേം പിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

കൊച്ചുമോൻ, അഞ്ചേരി കുഴിയാത്തുകടുപ്പിൽ

മാർ അപ്രേം: തോട്ടയ്ക്കാട് ദേശത്തിന്റെ കാവൽ മദ്ധ്യസ്ഥൻ

ജിബു കളപ്പുരയ്ക്കൽ

മാർ അപ്രേമിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഭാരതത്തിലെ പ്രഥമ ദേവാലയം അതിന്റെ പരിസരങ്ങളിൽ ചൊരിയുന്ന അനുഗ്രഹം മറ്റുള്ളവരുടെ അറിവിലേക്കായി പങ്കുവെയ്ക്കുന്നു. കോട്ടയം - കറുകച്ചാൽ സംസ്ഥാന പാതയുടെ അരികിൽ സ്ഥിതി ചെയ്യുന്ന ഈ ദേവാലയത്തിന്റെ മുൻവശം ഒരു കൊടുംവളവാണ്. നിരവധി തവണ അപകടങ്ങൾ നടന്നു എങ്കിലും അപകടത്തിൽ പെടുന്നവർ വളരെ നിസാരമായ പരുക്കുകളോടെ എല്ലാ അപകടങ്ങളിൽ നിന്നും രക്ഷപെട്ടിരിക്കുന്നു എന്നത് അത്ഭുതകരമായ യാഥാർത്ഥ്യം ആണ്. ഒരു കിലോമീറ്ററിനുള്ളിൽ പത്തോളം വളവുകൾ നിറഞ്ഞ ഈ പാതയിൽ ഇതുവരെ നാലു ജീവനുകൾ പൊലിഞ്ഞിട്ടുണ്ട് എന്നതുമായി താരതമ്യം ചെയ്യുമ്പോഴേ, സാമാന്യം നല്ല വളവു വരുന്ന ദേവാലയ മുൻവശത്തെ അത്ഭുത രക്ഷപെടലുകളുടെ മഹത്വം മനസ്സിലാക്കുവാൻ സാധിക്കൂ. അവയിൽ ഓർമ്മയിൽ വരുന്ന ചിലത് കുറിക്കട്ടെ.

1. 15 വർഷങ്ങൾക്ക് മുൻപ് ഒരിക്കൽ സ്വകാര്യ ബസുകളുടെ മത്സര ഓട്ടത്തിനിടയിൽ മൂന്നുപേർ സഞ്ചരിച്ചിരുന്ന ഒരു ബൈക്ക് ഈ ബസുകൾ തമ്മിലുള്ള കൂട്ടിയിടിയുടെ ഇടയിൽപ്പെട്ടു. ബുള്ളറ്റിൽ സഞ്ചരിച്ചിരുന്ന യാത്രക്കാരിൽ ഒരാളുടെ കാൽ ഒടിഞ്ഞു എന്നതല്ലാതെ മറ്റ് യാത്രക്കാർക്കും വലിയ പരുക്കില്ലാതെ രക്ഷപെട്ടു. ഈ അപകടത്തിൽപെട്ടതിൽ ഒരു സ്വകാര്യ ബസ് സംഭവ സ്ഥലത്തുനിന്നും ഓടിച്ചുമാറ്റുവാൻ പോലും സാധ്യമല്ലാത്ത അവസ്ഥയിൽ ആയിരുന്നു എന്ന് പറയുമ്പോൾ ഇടിയുടെ ആഘാതം മനസ്സിലായിക്കാണുമല്ലോ.

2. ഒരിക്കൽ രാത്രി 11 മണി ആയപ്പോൾ കറുകച്ചാലിൽ കടയുള്ള ഏറ്റുമാനൂർ സ്വദേശിയായ ഒരു യുവാവ് കടയടച്ച് മടങ്ങുന്ന വഴി പള്ളിയുടെ മുൻവശത്ത് നായയെ ഇടിച്ച് മറിഞ്ഞ ബൈക്ക് മീറ്ററുകളോളം റോഡിൽ ഉരഞ്ഞ് പോയിയാണു നിന്നത്. എന്നാൽ ബൈക്കിൽ നിന്ന് ഹെൽമറ്റ് ഊരി തെറിച്ചു പോയി റോഡിൽ വീണ യുവാവിനു അതേ ബൈക്ക് ഓടിച്ച് വീട്ടിൽ പോകുവാൻ സാധിച്ചു.

3. ഒരിക്കൽ ഇടവകാംഗം കൂടിയായ ഒരു കുട്ടി റോഡിന്റെ വശത്തു കൂടി നടന്ന് പോവുമ്പോൾ പിന്നിൽ നിന്ന് ഒരു കാർ വന്നിടിക്കുകയും ഇടിയുടെ ആഘാതത്തിൽ മുകളിലേക്ക് അടിച്ചുവിട്ട പന്തുപോലെ ഉയർന്ന് പൊങ്ങിപ്പോയ കുട്ടി തിരികെ ഇരുകാലിൽ വന്ന് നിൽക്കുകയും ഒന്നും സംഭവിക്കാത്തതുപോലെ നടന്ന് പോവുകയും ചെയ്യുന്നത് കണ്ട് കാറിലുണ്ടായിരുന്നവർ ഞെട്ടിത്തരിച്ച് ഇരുന്നുപോയി.

4. കോട്ടയത്തു നിന്നും ചമ്പക്കര ഭാഗത്തേക്ക് പോയിരുന്ന ഒരു കാർ ഡ്രൈവർ ഉറങ്ങിപ്പോയി വഴിയരികിൽ ഉള്ള കലുങ്കിൽ ഇടിച്ച് താഴെയുള്ള പറമ്പിലേക്ക് തലകീഴായി മറിഞ്ഞു. എന്നാൽ യാത്രക്കാരിൽ ഒരാൾക്കുപോലും പരിക്കേൽക്കുകയുണ്ടായില്ല.

5. ഒരു ഞായറാഴ്ച രാവിലെയുള്ള വി. കുർബ്ബാന തീരുമ്പോൾ ഒരു വലിയ ശബ്ദം കേട്ട് ഓടിച്ചെന്ന് നോക്കിയപ്പോൾ കോട്ടയത്തു നിന്നും കറുകച്ചാൽ ഭാഗത്തേക്ക് കുടുംബമായി പോവുകയായിരുന്ന ഒരു കാർ ഡ്രൈവർ ഉറങ്ങിപ്പോയി. കാർ റോഡിൽ കലുങ്ക് പണിക്കായി എടുത്ത കുഴിയിൽ വീഴാതെ തടസ്സമായി വെച്ചിരുന്ന വീപ്പയിൽ ഇടിച്ച് വഴിക്ക് കുറുകെയായി നിന്നു. കാറിൽ സഞ്ചരിച്ചിരുന്ന കുടുംബത്തിനു ഒരു പോറൽ പോലും ഏറ്റില്ല.

6. അടുത്തയിടെ മല്ലപ്പള്ളി ഭാഗത്തുനിന്നും ഉച്ചയോടടുത്ത സമയം കോട്ടയത്തേക്ക് പോവുകയായിരുന്ന കാർ ഡ്രൈവർ മയങ്ങിയതാണെന്ന് പറയുന്നു, റോഡരികിൽ പാർക്ക് ചെയ്തിരുന്ന മൂന്ന് ഇരുചക്ര വാഹനങ്ങളിൽ ഒരെണ്ണത്തിന്റെ മുകളിലൂടെ കയറി ഇറങ്ങുകയും ഒരെണ്ണം താഴെയുള്ള പറമ്പിലേക്ക് ഇടിച്ചിടുകയും മറ്റൊന്നിനു സാരമായ നാശം ഉണ്ടാക്കുകയും ചെയ്താണു നിന്നത്. അപകടത്തിൽ നിശ്ശേഷം തകർന്ന സ്കൂട്ടറിനു മുന്നിൽ, അതിന് ഏതാനും നിമിഷങ്ങൾക്ക് മുമ്പ് രണ്ടു പേർ വർത്തമാനം പറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. സമീപത്തെ കടയിലേക്ക് കയറിയ ഉടനെയായിരുന്നു അവർ മുമ്പ് നിന്നിരുന്ന സ്ഥലത്ത് സ്കൂട്ടർ നിശ്ശേഷം തകർത്ത് കാർ കടന്നുപോയത്. ഈ കാറിന്റെ ഡ്രൈവർക്കും കാര്യമായ പരുക്കൊന്നുമുണ്ടായില്ല.

ഇനിയും ഓർത്താൽ നിരവധി സംഭവങ്ങൾ ഉണ്ടെങ്കിലും സ്ഥലപരിമിതി മൂലവും പരിശുദ്ധനായ അപ്രേം പിതാവിന്റെ മദ്ധ്യസ്ഥതയാൽ തോട്ടയ്ക്കാട് ദേശത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹത്തെ മറ്റുള്ളവരുടെ ഓർമ്മയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തിന് ഇവ തന്നെ ധാരാളം എന്ന് കരുതിയും അവസാനിപ്പിക്കട്ടെ.

അത്ഭുതകരങ്ങൾ

മോനിച്ചൻ ചെത്തിക്കുളത്ത്

1962-ൽ നമ്മുടെ പഴയ പള്ളി പൊളിച്ച് തൽസ്ഥാനത്ത് പുതിയ പള്ളി പണിയുവാൻ ആരംഭിച്ചു. പുത്തേട്ടുകടുപ്പിലച്ചന്റെ നേതൃത്വത്തിൽ ഇടവകജനങ്ങൾ ഒന്നാകെ പള്ളി പണിയിൽ സാമ്പത്തികമായും, അദ്ധ്വാനം കൊണ്ടും പങ്കാളികളായി. അഞ്ചു വർഷം കൊണ്ടാണ് പണി പൂർത്തീകരിച്ചത്. പണിയുടെ പ്രധാന ചുമതലക്കാരൻ പുന്നൂസ് സാർ ആയിരുന്നു. അദ്ദേഹം വളരെ ഉത്തരവാദിത്വത്തോടെ സ്വന്തം കാര്യമായി ഏറ്റെടുത്ത് പണി നടത്തിക്കൊണ്ടിരുന്നു. അവധി ദിവസങ്ങളിൽ മുഴുവൻ സമയവും, സ്കൂളിൽ നിന്നും ഇടയ്ക്കു കിട്ടുന്ന സമയമെല്ലാം ഓടി എത്തിയും പണികൾക്ക് നേതൃത്വം നൽകുമായിരുന്നു.

അന്നത്തെ പണിക്കാരനായിരുന്ന ചാലുവേലിൽ പാപ്പൻ ജീവിച്ചിരുന്നപ്പോൾ തനിക്കുണ്ടായ ഒരു അനുഭവം പറയുമായിരുന്നു. അതാണ് ഇവിടെ വിവരിക്കുന്നത്. വാനം മാന്തൽ നടന്നുകൊണ്ടിരുന്ന സമയം. ഏതാനും ദിവസം കൂടി പണിതാൽ വാനം മാന്തൽ പൂർത്തിയാകും. ഒരു ദിവസം കുഴിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് കുഴിയിൽ നിന്നും ഒരു കൈ ഉയരുന്നതായി കണ്ടു. പെട്ടെന്ന് പണി നിർത്തി. തന്റെ തോന്നലാകും എന്ന് മനസ്സിൽ കരുതി. അന്ന് രാത്രിയിൽ ഉറക്കം വന്നതേയില്ല. വെളുപ്പിന് ഒരു മയക്കത്തിൽ ഞെട്ടി ഉണർന്നു. തന്റെ അടുത്ത് ഒരു തിരുമേനി വന്ന് പണിയിൽ തെറ്റുണ്ട് എന്ന് പറയുന്നതായി സ്വപ്നം കണ്ടു. വെളുപ്പിനെ തന്നെ പുന്നൂസ് സാറിന്റെ മനസ്സിലും ചില സംശയങ്ങൾ ഉണ്ടായി. വീണ്ടും അളന്നു നോക്കിയപ്പോൾ വാനം മാന്തലിൽ തെറ്റ് കണ്ടുപിടിക്കുകയും മാറ്റി വെട്ടുകയും ചെയ്തു. പള്ളിയുടെ നാമകരണം മുതൽ പല ഘട്ടങ്ങളിലും വി. മദ്ബഹായിലും പരിശുദ്ധനായ മാർ അപ്രേമിന്റെ സാന്നിധ്യം നമ്മുടെ ഇടവകക്കാർ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. പണിയിൽ വന്ന തെറ്റു ചൂണ്ടിക്കാണിച്ചതും മാർ അപ്രേമിന്റെ അത്ഭുതകരങ്ങളാണ്.

1966 ഡിസംബർ 29-ന് പള്ളിയുടെ കൂദാശവേളയിൽ പള്ളി പണിയിൽ പുന്നൂസ് സാർ ചെയ്ത ആത്മാർത്ഥ സേവനത്തിന് നന്ദിയായി ഇടവകയുടെ സ്നേഹസമ്മാനമായി ഒരു സ്വർണ്ണമോതിരം പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ നൽകി ആദരിച്ചു. പള്ളിയുടെ അന്നത്തെ സാമ്പത്തിക ബുദ്ധിമുട്ട് അറിയാമായിരുന്ന സാർ സ്നേഹസമ്മാനമായി ദൈവാലയത്തിന് ആ മോതിരം തിരികെ സമർപ്പിച്ചു. സാറിന്റെ കണക്കിലുള്ള മികച്ച വൈഭവവും പള്ളിപണിക്കു ഗുണം ചെയ്തു. ഒരു ലക്ഷം രൂപയ്ക്ക് പള്ളി പണി പൂർത്തീകരിക്കുവാനും സാധിച്ചു.

മാർ അപ്രേം: ദൈവിക ഭാഷ മനുഷ്യന് പരിചയപ്പെടുത്തിയ മഹാ പ്രതിഭ

സി. വി. ജോൺ ചെത്തിക്കുളത്ത്

സംഗീതം ദൈവത്തിന്റെ ഭാഷ എന്ന് പുരാതന കാലം മുതൽ വിശ്വസിക്കപ്പെട്ടിരുന്നു. സുറിയാനി സഭയ്ക്ക് പരിശുദ്ധാത്മാവ് നൽകിയ അച്ചാരം ആയിരുന്നു മാർ അപ്രേം. ദൈവത്തെ പാടി സ്തുതിക്കാനും തന്നോട് സംഭാഷിക്കാനും ദൈവിക കല്പനകളെ അനുസ്മരിപ്പിക്കാനും താൻ തന്നെ നൽകിയ കിന്നരം.

സഭയുടെ വിശുദ്ധ പ്രാർത്ഥനക്രമങ്ങളിൽ എല്ലാംതന്നെ 'മാർ അപ്രേമിന്റെ' എന്ന തലക്കെട്ടോടു കൂടിയ അപേക്ഷകളും ഗീതങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

'കർത്താവേ എന്റെ കിടക്കമേൽ നിന്നെ ഓർക്കാത്ത രാത്രിയില്ല' എന്ന് അനുസ്മരിച്ചുകൊണ്ട് വലിയ നോമ്പിലെ പ്രാർത്ഥന ആരംഭിക്കുന്നു. "നിന്റെ കർത്താവ് കരുണ നിറഞ്ഞവനാകുന്നു" എന്ന ആശ്വാസ വചനവും "അവങ്കലേക്ക് അടുത്തു ചെന്ന് അനുഗ്രഹത്തെ എടുത്തു"കൊൾവാനുള്ള അവകാശവും പരിശുദ്ധ പിതാവ് നമ്മെ ഓർപ്പിക്കുന്നു. അനുതാപത്തിന്റെ ആവശ്യം നമ്മെ അനുസ്മരിപ്പിക്കുന്നതിനായി വി. പൗലോസിന്റെ ലേഖനത്തിൽ സൂചിപ്പിക്കുന്ന നിത്യാഗ്നിയെ ചൂണ്ടിക്കാണിക്കുന്നു. പൂർണ്ണതയുടെ നോമ്പ് നോൽക്കുന്നവർക്കായി കരുതിവച്ചിരിക്കുന്ന ഏദന്റെ പറുദീസ എന്ന വാഗ്ദാനം പരിശുദ്ധൻ ഓർമ്മപ്പെടുത്തുന്നു.

സ്വജീവിതകാലത്ത് നിസിബിസിൽ നിന്ന് ഒന്നുമില്ലായ്മയിലേക്ക് പലായനം ചെയ്യേണ്ടി വന്നപ്പോഴും നിയോഗം മറക്കാതെ ഗാനങ്ങൾ എഴുതുകയും പാടുകയും ദൈവിക സാന്നിദ്ധ്യത്തിലേക്ക് ഗമിക്കുന്നവർക്ക് മാർഗ്ഗദർശനമാകുന്ന ചിന്തകൾ പങ്കുവയ്ക്കുകയും ചെയ്തു. പട്ടത്വത്തിന്റെ ഉയർന്ന ശ്രേണികൾക്ക് താൻ അയോഗ്യനാണെണ് സ്വയം വിശ്വസിക്കുവാൻ പ്രേരണയായത് ദൈവത്തിന്റെ അതിശോഭയെ മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലായിരിക്കണം. ഉയർന്ന പദവികൾ, ആഗോള മല്പാനും മഹാകവിയും ആയി യുഗങ്ങൾക്ക് പ്രകാശം പരത്തുവാനുള്ള തന്റെ നിയോഗത്തിന് തടസ്സമാകുമെന്ന് പരിശുദ്ധൻ കരുതിയിരിക്കണം.

തന്റെ അധരങ്ങളിൽ നിന്ന് മുളച്ച് വളരുന്ന മുന്തിരിച്ചെടിയുടെ ഫലങ്ങൾ ഭക്ഷിച്ചു വളരേണ്ട ആകാശത്തിലെ പക്ഷികളെക്കുറിച്ചുള്ള ദർശനം അദ്ദേഹത്തിന് മാർഗ്ഗദർശകം ആയിരുന്നിരിക്കണം.

ലോകം മുഴുവൻ വൻ പ്രകാശം പരത്തുന്ന മാർ അപ്രേമിനെ നമ്മുടെ ഇടവകയ്ക്ക് ലഭിക്കുവാൻ കാരണക്കാരനായ യൂയാക്കീം മാർ കൂറിലോസ് തിരുമേനിയേയും തുടർച്ചയായ മൂന്നു നറുക്കെടുപ്പിലൂടെ ദൈവഹിതം വെളിപ്പെടുത്തിക്കിട്ടുവാൻ സഹായിച്ച ഇടവകയിലെ പൂർവ്വപിതാക്കളെയും നമുക്ക് നന്ദിയോടെ സ്മരിക്കാം. ❑

മാർ അപ്രേമിന്റെ അനുഗ്രഹകരമായ മദ്ധ്യസ്ഥത

2017-ലെ അപ്രേം പെരുന്നാൾ ആഗതമായ അവസരം. പ്രശസ്ത പിന്നണി ഗായകൻ ശ്രീ. കെ. ജി. മാർക്കോസിന് അവാർഡ് നൽകുവാനുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അവാർഡ്ദാന സമ്മേളനത്തെ തുടർന്ന് ഒരു ഗാനസന്ധ്യയെക്കുറിച്ച് ആലോചിക്കുമ്പോൾ പെട്ടെന്ന് മനസ്സിൽ തോന്നിയ ഒരു പേര് സണ്ടേസ്കൂൾ യുവജനപ്രസ്ഥാന മത്സരരംഗങ്ങളിൽ കഴിവ് തെളിയിച്ച മികച്ച ഒരു ഗായികയുടേതായിരുന്നു.

ആ കുട്ടിയെ വിളിച്ചാലോ എന്ന് അഭിപ്രായപ്പെടുകയും വിളിക്കുകയും അതനുസരിച്ച് ഗാനസന്ധ്യയിൽ മനോഹരമായ ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. തുടർന്ന് അപ്രേമിന്റെ മദ്ധ്യസ്ഥത അനുഭവിച്ചറിഞ്ഞ ഒരു വർഷമായിരുന്നു കടന്നുപോയത് എന്ന് ആ കുട്ടി സാക്ഷിക്കുന്നു.

"തികച്ചും അപ്രതീക്ഷിതമായാണ് എനിക്ക് കഴിഞ്ഞ വർഷത്തെ ഗാനസന്ധ്യയിൽ പാടുവാൻ അവസരം ലഭിച്ചത്. ആ ഇടവകാംഗമല്ലാഞ്ഞിട്ടും എന്നെ വിളിച്ചതിലുള്ള സന്തോഷത്തോടെ ആ ക്ഷണം സ്വീകരിക്കുകയും അവിടെ ഗാനങ്ങൾ ആലപിക്കുവാനുള്ള മനോഹരമായ വേദി തന്നതിലുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയും ചെയ്യുന്നു. മികച്ച ഒരു സംഗീതാദ്ധ്യാപകനെ തെരഞ്ഞുകൊണ്ടിരുന്ന കാലമായിരുന്നു അത്. വളരെ യാദൃശ്ചികമായി ആ പള്ളിമുറ്റച്ചുവച്ച് പരിചയപ്പെട്ട ഒരു സുഹൃത്ത് ഒരു നല്ല സംഗീതാദ്ധ്യാപകന്റെ വിലാസം എനിക്ക് തരികയുണ്ടായി. ആ അദ്ധ്യാപകന്റെ അടുത്ത് ഇപ്പോഴും പരിശീലനം തുടരുന്നു. ഇത് അപ്രേം പിതാവിന്റെ അനുഗ്രഹമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ഹയർ സെക്കണ്ടറി വിദ്യാർത്ഥിയായ ഞാൻ പിന്നീട് സംഗീതാലാപനങ്ങൾക്ക് പോകുമ്പോൾ മാർ അപ്രേമിന്റെ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ട് കൽക്കുരിശിനു മുമ്പിൽ തിരിതെളിച്ച് പ്രാർത്ഥിച്ചേ പോകാറുള്ളു. ഇത്തവണ സംസ്ഥാന സ്കൂൾ കലാമത്സരത്തിൽ 'A' ഗ്രേഡ് നേടാൻ സാധിച്ചതും സംഗീതത്തിൽ കുറെക്കൂടെ മികവ് നേടാനായതും പരിശുദ്ധ റൂഹായുടെ കിന്നരമായ മാർ അപ്രേമിന്റെ അനുഗ്രഹത്താലാണെന്ന് ഞാനും എന്റെ കുടുംബവും വിശ്വസിക്കുന്നു. മാർ അപ്രേമേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ."

തോട്ടയ്ക്കാട് പള്ളിയിലെ ദിവ്യ അനുഭവങ്ങൾ

വലിയമണ്ണിൽ യോഹന്നാൻ കത്തനാരുടെ കാലത്ത് ഒരു ക്രിസ്തുമസ്സ് രാത്രിയിൽ സന്ധ്യാനമസ്കാരം കഴിഞ്ഞ് പള്ളി ശുശ്രൂഷകർ പള്ളിമുറ്റത്തു തെക്കുപടിഞ്ഞാറു ഭാഗത്തായി തീ കാഞ്ഞുകൊണ്ടിരുന്നു. അക്കാലത്ത് സന്ധ്യാനമസ്കാരശേഷം സ്വഭവനങ്ങളിൽ പോയിട്ട് രാത്രി 12 മണിയ്ക്ക് മുമ്പായി പള്ളിയിലെത്തുക ദുഷ്കരമായിരുന്നു.

ഇങ്ങനെ തീ കാഞ്ഞുകൊണ്ടിരിക്കേ വലിയമണ്ണിൽ പാലം കടന്ന് ഒരു ചൂട്ടുവെട്ടം നടന്നു വരുന്നതായി ശുശ്രൂഷകർ കണ്ടു. അത് വന്ന് പള്ളിയുടെ നട കയറുന്നതിനു മുമ്പായി ചൂട്ടുകറ്റയണച്ച് വെള്ള വസ്ത്രധാരിയായ ഒരാൾ പള്ളിയിലേക്ക് പ്രവേശിക്കുന്നതായി കണ്ടു (അന്നത്തെ പള്ളിക്ക് വലിയ കതകിൽ ഒരു പിള്ളക്കതകു കൂടി ഉണ്ടായിരുന്നു). പിള്ളക്കതകിൽ കൂടി വെള്ള വസ്ത്രധാരി ഉള്ളിലേക്ക് പ്രവേശിച്ചു. ശുശ്രൂഷകരും പിന്നാലെ പള്ളിയിൽ പ്രവേശിച്ചു. എന്നാൽ ഉള്ളിൽ ആരെയും കാണാഞ്ഞതിനാൽ ശുശ്രൂഷകർ മദ്ബഹായിലും തെരഞ്ഞു. ആരെയും കാണാതെ വന്നപ്പോൾ എല്ലാവരും അന്യോന്യം ഒന്നും സംസാരിക്കാതെ മുഖത്തോടുമുഖം നോക്കി നിന്നു. അവർ നിശബ്ദരായി വെളിയിലിറങ്ങുമ്പോൾ വീണ്ടും ചൂട്ടുവെട്ടം പള്ളിയിലേക്കു വരുന്നതു കണ്ടു. ശുശ്രൂഷകർ പടിഞ്ഞാറു ഭാഗത്തെത്തിയപ്പോൾ വല്യമണ്ണിലച്ചൻ കടന്നു വരുന്നതു കാണുകയും സംഭവിച്ച കാര്യങ്ങൾ അച്ചനോട് വിവരിക്കുകയും ചെയ്തു. പ്രത്യേക ഭാവഭേദമൊന്നുമില്ലാതെ, "നിങ്ങൾക്കറിയില്ലേ, അത് പരിശുദ്ധനായ അപ്രേം പിതാവ് അല്ലയോ" എന്ന് അദ്ദേഹം പ്രതിവചിച്ചു.

* * * * * * * * *

ഒരിക്കൽ പള്ളിയിലെ പ്രധാന ശുശ്രൂഷകൻ കുർബ്ബാന അപ്പം തയ്യാറാക്കുമ്പോൾ (അടിച്ചു കാച്ചുമ്പോൾ) ശ്രവണമധുരമായി സുറിയാനി സംഗീതം കേൾക്കുവാനിടയായി. സംഗീതത്തിന്റെ ഉറവിടം തേടി അദ്ദേഹം പള്ളിക്കകത്തും പുറത്തും തെരഞ്ഞു. എന്നാൽ ആരെയും കാണാൻ കഴിഞ്ഞില്ല. ഇത് പലർക്കും അനുഭവപ്പെട്ടിട്ടുള്ള കാര്യമാണ്. പരിശുദ്ധനായ അപ്രേം പിതാവിന്റെ തിരുസാന്നിദ്ധ്യത്തിന്റെ ഉദാത്തമായ അനുഭവസാക്ഷ്യമാണത്.

* * * * * * * * *

ഒരു രാത്രി ശുശ്രൂഷാവേളയിൽ വല്യമണ്ണിലച്ചനും ശുശ്രൂഷക്കാരനും പള്ളിയിൽ കിടന്നുറങ്ങുന്ന സമയത്ത്, ഏകദേശം രാത്രി ഒരു മണിക്ക് മദ്ബഹായിൽ നിന്നും അതിയായ സുഗന്ധം അനുഭവപ്പെട്ടു. വല്യമണ്ണിലച്ചൻ സാവധാനം എഴുന്നേറ്റ് തിരശ്ശീല നീക്കി ഉള്ളിലേക്ക് നോക്കി. മദ്ബഹാ മുഴുവനും പുക നിറഞ്ഞിരിക്കുന്നതും ത്രോണോസിന് ഇരുവശവും അഗ്നിപ്രഭയുള്ള രണ്ട് മാലാഖമാർ നിൽക്കുന്നതും കണ്ടു. അച്ചൻ സാവധാനം മദ്ബഹായിൽ നിന്ന് ഇറങ്ങി ശുശ്രൂഷക്കാരനെ വിളിച്ച് ത്രോണോസിനടുക്കലേക്ക് കൊണ്ടുപോയി. ശുശ്രൂഷക്കാരൻ മദ്ബഹായിൽ പുക നിറഞ്ഞിരിക്കുന്നതു കണ്ടു. എന്നാൽ മാലാഖാരൂപം ദൃശ്യമായില്ല. മാർ അപ്രേമിന്റെ ദിവ്യസാന്നിദ്ധ്യത്തിന്റെ ഒരു അനുഭവ സാക്ഷ്യമാണിത്. ❑

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

ടോണി, എബി, എൽസ, ഇവ കല്ലൂർ, കുവൈറ്റ്

റോണി, എബൻസി, നഥാനിയേൽ, എഫ്രേം തോപ്പിൽ, കുവൈറ്റ്

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

ജിബോയി ചക്കംചിറയിൽ
സണ്ണി ചക്കംചിറയിൽ
ജയ് & കുഞ്ഞ് മങ്ങാട്ട്

മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ട്

കുരുവിള സ്കറിയ ചേലമറ്റം
സാലു സഖറിയ ചേലമറ്റം
മാണി സഖറിയ ചേലമറ്റം

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

കെ. ജെ. ഏബ്രഹാം
കൊടുവയലിൽ കിഴക്കേക്കര

ഷാബു സി. കുര്യൻ ചേലമറ്റം

ഷാജൻ മാത്യു കോട്ടക്കുഴി

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

കെ. യു. ജോൺ
കണ്ണൻതുരുത്തിലും കുടുംബവും.
മോനിച്ചൻ ചെത്തിക്കുളം

അപ്രേം പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ

ബേബി തോമസ് കടപ്പൂര്
ജേക്കബ് തോമസ് കയ്യാലയ്ക്കകത്ത്
കൊച്ചുമോൻ നീലമ്പടവത്ത്

മലങ്കര ഓർത്തഡോക്സ് ടി വി
മലങ്കരസഭാ വാർത്തകൾ അറിയാൻ
സന്ദർശിക്കുക www.malankaraorthodox.tv/

Edited, Printed and Published by Joice Thottackad on behalf of Malankara Orthodox TV. Editor: Mob: 9947120697. DTP & Printing: Sophia Print House, Kottayam